ജി(1)12177/19

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 31.12.2019

**സർക്കുലർ 55/19**

വിഷയം:- സഹകരണ വകുപ്പ് - 40-)മത് നിക്ഷേപ സമാഹരണ യജ്ഞം - 2020 - കാലാവധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1. സഹകരണ സംഘം രജിസ്ട്രാറുടെ 09.10.19 ലെ 40/19 നം.സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 13.12.19 ലെ 53/19 നം.സർക്കുലർ.

40-)മത് നിക്ഷേപ സമാഹരണ യജ്ഞം 2020 ജനുവരി 1 മുതൽ 2020 ജനുവരി 31 വരെ നടത്തുന്നതിന് പരാമർശം (2) സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതോടനുബന്ധിച്ച് നിക്ഷേപ സമാഹരണ ക്യാമ്പയിനും അംഗത്വ ക്യാമ്പയിനും നടപ്പിലാക്കുന്നതിനും വ്യക്തിഗത നിക്ഷേപങ്ങൾ, ചെലവ് കുറഞ്ഞ നിക്ഷേപങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകികൊണ്ട് നിക്ഷേപ സമാഹരണ ടാർജറ്റ് പൂർത്തിയാക്കുവാനും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നിക്ഷേപ സമാഹരണ യജ്ഞം - 2020 കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടെ നിക്ഷേപ സമാഹരണ യജ്ഞ കാലാവധി 2020 ജനുവരി 1 മുതൽ ഫെബ്രുവരി 29 വരെയുള്ള 2 മാസക്കാലയളവിലേയ്ക്ക് ദീർഘിപ്പിച്ച് നൽകുന്നു.

പരാമർശം (1) പ്രകാരം സഹകരണ മേഖലയിൽ നിലവിലുള്ള നിക്ഷേപ പലിശ നിരക്ക് ദേശസാൽകൃത ബാങ്കുകളിലെയും ഇതര ബാങ്കുകളിലെയും സ്ഥിര നിക്ഷേപ പലിശ നിരക്കിനേക്കാൾ കൂടുതലും വളരെ ആകർഷകവുമാണ്. എന്നാൽ നിക്ഷേപ സമാഹരണ യജ്ഞത്തോടനുബന്ധിച്ച് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ടി സർക്കുലറിലെ പലിശ നിരക്ക് സംബന്ധിച്ച പട്ടിക, ക്രമനമ്പർ 4 ലെ പ്രാഥമിക സഹകരണ സംഘങ്ങളിലെ 180 ദിവസം മുതൽ 364 ദിവസം വരെയുള്ള നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് മാത്രം, നിലവിലുള്ള 7.25 ശതമാനം എന്നത് 0.25% കൂട്ടി 7.5% ആയി ഉയർത്തി, ടി കാലയളവിലേയ്ക്ക് മാത്രം ബാധകമാക്കി നിർദ്ദേശം നൽകുന്നു. പരാമർശം (1) (2) സർക്കുലറുകളിലെ ലെ മറ്റ് നിബന്ധനകൾ എല്ലാം തുടർന്നും ബാധകമായിരിക്കും .

(ഒപ്പ്)
ഡോ.പി.കെ ജയശ്രീ ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് -
1. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം.
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.

3. മാനേജിംഗ് ഡയറക്ടർ,
കേരള സംസ്ഥാന സഹകരണ കാർഷിക
ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
4. ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി,
കേരള സഹകരണ നിക്ഷേപ ഗ്യാരന്റി
ഫണ്ട് ബോർഡ്, തിരുവനന്തപുരം.
5. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
6. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
8. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
ജോയിന്റ് ഡയറക്ടർ ( മുഖേന)
9. എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/
ബാങ്കുകൾക്കും/അർബൻ ബാങ്കുകൾക്കും/എംപ്ലോയീസ്
സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
10. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും
(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
11. അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന എല്ലാ
വായ്പേതര സഹകരണ സംഘങ്ങൾക്കും
(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
12. ജനറൽ മാനേജർ,
എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
13. എഡിറ്റർ സഹകരണവീഥി/ സഹകരണ ജേർണൽ.
14. വെബ് സൈറ്റ്.
15. സി.ബി സെക്ഷൻ
16. സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)